പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1143 — 20/01/2014 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിയുള്ള കുട്ടികൾക്ക് റിസോഴ്സ് സെന്ററുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. റ്റി.എൻ. പ്രതാപൻ :<br>ശ്രീ. കെ. മുരളീധരൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളുകൾ കേന്ദ്രമാക്കി റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. സംയോജിത വിദ്യാഭ്യാസ പദ്ധതി (IEDSS) യുടെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടി 23 ജില്ലാ വിദ്യാഭ്യാസ റിസോഴ്സ് സെന്ററുകളും 178 റിസോഴ്സ് റൂമുകളും ഹൈസ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ; | (ബി) | പ്രത്യേക പരിഗണന അർഹിക്കുന്ന (CWSN)കുട്ടികളെ പാഠ്യപാഠ്യേതര വിഷയങ്ങളിൽ സഹായിക്കുകയും അവരുടെ രക്ഷാകർത്താക്കളെ ബോധവത്ക്കരിക്കുകയും പാഠഭാഗങ്ങൾ കുട്ടികളുടെ വൈകല്യങ്ങൾക്കനുസരിച്ച് അനുരൂപീകരണം നടത്തുകയും ഈ വിഭാഗം കുട്ടികൾക്കാവശ്യമായ എല്ലാതരം വ്യക്തിഗതവും അല്ലാത്തതുമായ സേവനങ്ങൾ ഉറപ്പുവരുത്തുകയെന്നതുമാണ് റിസോഴ്സ് റൂമുകളിലൂടെ ലക്ഷ്യമാക്കുന്നത്. |
| (സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയും ശാരീരിക, മാനസിക ആരോഗ്യവും ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | തെറാപ്പി സേവനങ്ങളിൽ ഉൾപ്പെടുത്തി ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവ 83 സെന്ററുകളിൽ അനുവദിക്കുകയും സെന്ററുകളിലേക്കുള്ള ഉപകരണങ്ങൾ, മറ്റ് സഹായോപകരണങ്ങൾ, ഓഡിയോ- |

വിഷ്വൽ എയ്ഡ്സ് എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്. അതത് സ്കൂളുകൾക്ക് പുറമേ ചുറ്റുവട്ടത്തെ സ്കൂളുകളിൽ നിന്നുള്ള കുട്ടികൾക്കും ഈ സെന്ററുകളിൽ തെറാപ്പി സേവനം നൽകിവരുന്നു. തീവ്രവൈകല്യമുള്ള 40 വിദ്യാലയങ്ങളിൽ ആയമാരുടെ സേവനവും നൽകിയിട്ടുണ്ട്. യോഗ്യരായ തെറാപ്പിസ്റ്റ്, റിസോഴ്സ് അദ്ധ്യാപകർ എന്നിവരെ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. റെമഡിയൽ ക്ലാസസ്, ടീച്ചിംഗ് ലേണിംഗ് മെറ്റീരിയൽസ്, അഡാപ്റ്റീവ് ടെക്നിക്സ് എന്നിവ റിസോഴ്സ് റൂമുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) IEDSS പദ്ധതിയിൻ കീഴിൽ റിസോഴ്സ് റൂം/ റിസോഴ്സ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഇവയോടനുബന്ധിച്ച് Adaptive Toilet, Ramp with Hand Rail എന്നിവ നിർമ്മിച്ചിട്ടുണ്ട്. റിസോഴ്സ് റൂം സെന്ററുകളോടനുബന്ധിച്ച് ഫിസിയോ, സ്പീച്ച് തെറാപ്പി സേവനങ്ങൾ നൽകിവരുന്നു. റെമഡിയൽ ക്ലാസ്സുകൾ, Teaching learning materials, Adaptive techniques എന്നിവ ഈ റൂമുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ